സെക്രട്ടേറിയറ്റിലെ വകുപ്പുകളിലെ കമ്പ്യൂട്ടർവൽക്കരണം

4(1241) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ഏതെല്ലാം വകുപ്പുകളിൽ ഐ.ഡി.ഇ.എ.എസ്. കമ്പ്യൂട്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകളിലും എന്നത്തേക്ക് ഈ സംവിധാനം നിലവിൽവരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പൊതുഭരണ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഐഡിയാസ് എന്ന ഫയൽ ട്രാക്കിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പിലും ഈ സംവിധാനം നിലവിലുണ്ട്.

സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസിലെ നിയമനങ്ങൾ

5(1242) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിന് വിരുദ്ധമായി ഏതെങ്കിലും തരത്തിലുള്ള നിയമനങ്ങൾ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് 2005 ജനുവരി മാസത്തിനുശേഷം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) താഴ്ന്ന ശമ്പളം പറ്റുന്ന ജീവനക്കാർ, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായി സംസ്ഥാനത്തിന് പുറത്തു നിന്നുള്ള അംഗീകാരമില്ലാത്ത സർവ്വകലാശാലകളുടെ ബിരുദങ്ങൾ ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നടത്തുന്ന നിയമനങ്ങൾ ജാതി സംവരണ വ്യവസ്ഥയെയും സേവനത്തിന്റെ മികവിനേയും പ്രതികൂലമായി ബാധിക്കും എന്ന അഭിപ്രായം പി.എസ്.സി., പി. ആന്റ് എ.ആർ.ഡി. തുടങ്ങിയവ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ 2009-10 സാമ്പത്തിക വർഷം എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി എന്ന് വ്യക്തമാക്കുമോ; സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ നിന്നും അസിസ്റ്റന്റ് മുതൽ അഡീഷണൽ/സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികയിൽ ആകെ എത്ര ജീവനക്കാർ 2010-11 സാമ്പത്തിക വർഷത്തിൽ വിരമിക്കുന്നുണ്ട്; 2010-11 വർഷത്തിൽ ഉണ്ടാകേണ്ട അസിസ്റ്റന്റ് തസ്തികകളിൽ സൂപ്പർ ന്യൂമററി നിയമനം നടന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly